12/5/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1045(6)/2021 *എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.9148/*എസ്.ഐ.സി–ജി 5/2021*)

സന്നിഹിതൻ

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 29.04.2022

ശ്രീ. പി.കെ. രവീന്ദ്രനാഥൻ,
സൗപർണ്ണിക,
പുതുശേരി താഴം,
പൂരത്താറ കനാൽ റോഡ്,
പുതിയങ്ങാടി പി.ഒ,
കോഴിക്കോട് – 673 021.

} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജൂനിയർ സൂപ്രണ്ട് (സി 2 സെക്ഷൻ),
   ജില്ലാ കളക്ടറുടെ കാര്യാലയം,
   പൈനാവ് പി.ഒ, കുയിലിമല,
   ഇടുക്കി – 685 603.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജില്ലാ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ,
   സർവ്വെ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   കളക്ട്രേറ്റ്, ഇടുക്കി – 685 603.
3. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി കളക്ടർ (LR &LA),
   ജില്ലാ കളക്ടറുടെ കാര്യാലയം,
   പൈനാവ് പി.ഒ, കുയിലിമല,
   ഇടുക്കി – 685 603.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 01/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/02/2021, 01/03/2021, 17/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/06/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07/08/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12/08/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13/09/2021 |

| | |
|---|---|
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/10/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 13/04/2022<br>റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, കോഴിക്കോട് |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.കെ. രവീന്ദ്രനാഥൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം നൽകിയ വിവരാവകാശ അപേക്ഷയിലെ ക്രമ നം. A യ്ക്ക് എതിർകക്ഷി മറുപടി നൽകിയെന്നും ക്രമ നം. B, C എന്നിവയുടെ മറുപടിയ്ക്കായി അപ്പീൽ അധികാരിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന്റെ തീർപ്പ് കൽപ്പിക്കുന്നതിനായി ടിയാനെ നേരിൽ കേൾക്കുന്നതിന് അപ്പീലധികാരി അറിയിച്ചുവെങ്കിലും ആ സമയം രൂക്ഷമായ കോവിഡ്-19 സാഹചര്യം നിലനിന്നിരുന്നതിനാലും ടിയാൻ റിവേഴ്സ് ക്വാറന്റീനിൽ ആയിരുന്നതിനാലും ഹിയറിംഗിൽ ടിയാന് പങ്കെടുക്കുവാൻ കഴിഞ്ഞില്ലെന്നും എന്നാൽ ടിയാന്റെ അപ്പീലിൽ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 01.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

A) Certified copies of "Surveyors diary" for the period from 31.08.2020 to 10.09.2020 submitted by the Peerumedu Taluk Surveyor who was in charge of Vagamon village,

B) Certified copies of report submitted by Head Surveyor (L.A) of Peerumedu Taluk from 20.02.2019 to 29.05.2019

RIGHT TO INFORMATION

C) Copies of the minutes of all the survey teams meeting constituted by the District Collector, under the order No. C 11.9728/12 dated 24.06.2020.

3. ഹർജിക്കാരന്റെ 01.02.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് 05.02.21, 01.03.21, 17.04.21 തീയതികളിൽ മറുപടികൾ നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടികൾ തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 05.06.2021 ൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 17.06.2021 ൽ നൽകിയ മറുപടിയിൽ അപ്പീൽ അപേക്ഷയിൽ നേരിൽ കേൾക്കുന്നതിന് 05.07.2021 ൽ അപ്പീൽ അധികാരി മുമ്പാകെ ഹാജരാവുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി 13.10.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും ടിയാന്റെ അപേക്ഷയിലെ B, C ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടത് കളക്ട്രേറ്റിലെ സി സെക്ഷൻ സുപ്രണ്ട് ആയ എസ്.പി.ഐ.ഒ ആണെന്നും ടി ചോദ്യങ്ങളുമായി ബന്ധപ്പെട്ട വിഷയം ഉൾക്കൊള്ളുന്ന ഫയൽ WPC 345/2021 നമ്പർ കേസുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഹാജരാക്കിയിരുന്നതിനാൽ ടി വിവരം കാണിച്ച് 05.02.2021 ൽ അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ അപ്പീൽ അപേക്ഷയിൽ 05.07.2021 ൽ നടത്തിയ ഹിയറിംഗിൽ ടിയാൻ ഹാജരായില്ല എന്നും എങ്കിലും കക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ ഫയലിൽ ഉണ്ടെങ്കിൽ നൽകുവാൻ 12.07.2021 ൽ നിർദ്ദേശിച്ചിരുന്നതാണെന്നും എന്നാൽ സെക്ഷനിലെ ജോലി തിരക്ക് കാരണം സെക്ഷൻ ക്ലർക്ക് ടി വിവരം നൽകിയിട്ടില്ല എന്നും റിപ്പോർട്ടിൽ പറയുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ എല്ലാ ചോദ്യങ്ങൾക്കും വിവരം ലഭിച്ചതായി കാണുന്നില്ല. 13.04.2022 ൽ കമ്മീഷൻ കോഴിക്കോട് റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഇരുകക്ഷികളും ഹാജ

രായി മൊഴി നൽകിയിട്ടുള്ളതാണ്. വിവരാവകാശ അപേക്ഷയിലെ ചോദ്യം നമ്പർ A യ്ക്ക് മറുപടി ലഭിച്ചുവെന്നും B, C ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കണെമെന്നുമാണ് അപേക്ഷ കക്ഷിയുടെ ആവശ്യം. 13.04.2022 ലെ ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ പുതിയ ഓഫീസർ ആയിരുന്നതിനാൽ ടിയാൻ ടി വിഷയത്തിൽ കുറച്ചു കൂടി സമയം ആവശ്യപ്പെടുകയും ആയതിനാൽ ടിയാന് വിവരങ്ങൾ ബോധിപ്പിക്കുവാനായി 29.04.2022 ൽ ഓഡിയോ ഹിയറിംഗിന് കമ്മീഷൻ സമയം അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. അപ്രകാരം 29.04.2022 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതുമാണ്. അപേക്ഷകന്റെ വിവരാവകാശ അപേക്ഷയിലെ ക്രമ നമ്പർ A യ്ക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും B, C ചോദ്യങ്ങളിൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത് പോലെ ഒരു മിനിറ്റ്സ് ഇല്ലെന്നും സംയുക്തമായി തയ്യാറാക്കിയ ഒരു റിപ്പോർട്ടും കളക്ടറുടെ ഒരു ഉത്തരവുമാണ് ഉള്ളതെന്നുമാണ് ടിയാന്റെ മൊഴിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് അപേക്ഷ കക്ഷിയ്ക്ക് നൽകാവുന്നതാണെന്നും ടിയാൻ ഹിയറിംഗിൽ സമ്മതിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ B, C ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതും ആ വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2022 ഏപ്രിൽ മാസം 29-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

STATE INFORMATION COMMISSION

RIGHT TO INFORMATION